# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3849** — **31.01.2014 ൽ മറുപടിയ്ക്ക്**

## സഹകരണ വകുപ്പിലെ ആർബിട്രേറ്റർമാരുടെ യോഗ്യത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. സി. എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ വകുപ്പിൽ ആർബിട്രേഷൻ കേസ്സുകൾ തീർപ്പാക്കുന്ന ആർബിട്രേറ്റർമാരുടെ യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) സഹകരണ വകുപ്പിലെ ഇൻസ്പെക്ടർമാർ മുതൽ രജിസ്ട്രാർ വരെയുള്ള ഉദ്യോഗസ്ഥരാണ് ആർബിട്രേറ്റർമാരായി പ്രവർത്തിക്കുന്നത്. ആർബിട്രേറ്റർമാർക്ക് പ്രത്യേക യോഗ്യതകൾ നിശ്ചയിച്ചിട്ടില്ല.<br>കൂടാതെ 1969-ലെ കേരള സഹകരണ നിയമം ചട്ടം 67(4) പ്രകാരം ധനപരമല്ലാത്ത തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിന് രൂപീകരിച്ചിട്ടുള്ള ആർബിട്രേഷൻ കോടതികളിൽ 7 വർഷത്തിൽ കുറയാത്ത ബാർ എക്സ്പീരിയൻസ് ഉള്ള പ്രിസൈഡിംഗ് ആഫീസർമാരാണ് ആർബിട്രേറ്ററായി പ്രവർത്തിക്കുന്നത്. |
| (ബി) സിവിൽ കോടതിയുടെ അധികാരങ്ങൾ ലഭ്യമായിരിക്കുന്ന സഹകരണ ആർബിട്രേറ്റർമാർക്ക് നിയമ ബിരുദം അധിക യോഗ്യതയായി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) ഏറ്റവും വേഗത്തിൽ തർക്കങ്ങൾക്ക് തീർപ്പു കൽപ്പിക്കുക എന്നതാണ് ആർബിട്രേഷൻ നടപടികൾ കൊണ്ട് ഉദ്ദേശിക്കുന്നത്. സഹകരണ വകുപ്പിലെ ധനപരമായ കേസുകൾ മാത്രമാണ് ആർബിട്രേറ്റർമാർ കൈകാര്യം ചെയ്യുന്നത്. ആയതിനാൽ നിയമ ബിരുദം അധിക യോഗ്യതയായി നിശ്ചയിച്ചിട്ടില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**